**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3974** **28-06-2024 - ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടി മണ്ഡലത്തിലെ സൈബർ കുറ്റകൃത്യങ്ങളും മയക്കമരുന്ന് ഉപയോഗവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കൊയിലാണ്ടി മണ്ഡലത്തിൽ 2023 ജനുവരി 1 മുതൽ 2024 മെയ് 31 വരെയുള്ള കാലയളവിൽ ഇരുപത്തിയഞ്ച് വയസ്സിന് താഴെയുള്ള എത്രപേർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്നും ഇതിൽ മയക്കുമരുന്ന്, സൈബർ കുറ്റകൃത്യം എന്നിവയുമായി ബന്ധപ്പെട്ട് എത്ര കേസുകളുണ്ടെന്നും ഇനം തിരിച്ച് ലഭ്യമാക്കാമോ; | (എ) | മണ്ഡല അടിസ്ഥാനത്തിൽ വിവരം ലഭ്യമല്ല. എന്നാൽ കൊയിലാണ്ടി മണ്ഡലം ഉൾപ്പെടുന്ന കോഴിക്കോട് റൂറൽ ജില്ലയിൽ 2023 ജനുവരി ഒന്നു മുതൽ 2024 മെയ് 31 വരെയുള്ള കാലയളവിൽ 25 വയസ്സിന് താഴെ പ്രായമുള്ള 95 പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ഇതിൽ സൈബർ കുറ്റകൃത്യം, മയക്ക് മരുന്ന് എന്നിവയുമായി ബന്ധപ്പെട്ട് കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ബി) | ഈ മണ്ഡലത്തിൽ പ്രസ്തുത കാലയളവിൽ വിദ്യാർത്ഥികളിൽ മയക്കുമരുന്ന് ഉപയോഗവുമായോ വില്പനയുമായോ ബന്ധപ്പെട്ട് എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് ഇനം തിരിച്ച് ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത കാലയളവിൽ വിദ്യാർത്ഥികളിൽ മയക്കുമരുന്ന് ഉപയോഗവുമായോ വിൽപ്പനയുമായോ സ്കൂളും പരിസര പ്രദേശങ്ങളിലും വെച്ച് കുട്ടികൾ മയക്കുമരുന്ന് വിൽപ്പന നടത്തിയതുമായോ ബന്ധപ്പെട്ട കോസുകളൊന്നും കൊയിലാണ്ടി മണ്ഡലം ഉൾപ്പെടുന്ന കോഴിക്കോട് റൂറൽ ജില്ലയിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (സി) | പ്രസ്തുത കാലയളവിൽ കൊയിലാണ്ടി മണ്ഡലത്തിലെ സ്കൂളും പരിസര പ്രദേശങ്ങളിലും വച്ച് കുട്ടികൾ മയക്കുമരുന്ന് വില്പന നടത്തിയ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പ്രസ്തുത കാലയളവിൽ വിദ്യാർത്ഥികളിൽ മയക്കുമരുന്ന് ഉപയോഗവുമായോ വിൽപ്പനയുമായോ സ്കൂളും പരിസര പ്രദേശങ്ങളിലും വെച്ച് കുട്ടികൾ മയക്കുമരുന്ന് വിൽപ്പന നടത്തിയതുമായോ ബന്ധപ്പെട്ട കോസുകളൊന്നും കൊയിലാണ്ടി മണ്ഡലം ഉൾപ്പെടുന്ന കോഴിക്കോട് റൂറൽ ജില്ലയിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ